'ഭരണഭാഷ-മാതൃഭാഷ'

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടി**

തീയതി, തിരുവനന്തപുരം, 26/02/2014

വിഷയം:- ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ സൂപ്പർവൈസർ കമ്പ്യൂട്ടർ തസ്തികയിൽ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 11/02/2014 ലെ 469-ാം നമ്പർ കേരള ഗസറ്റ് (അസാധാരണം)
2) 26/02/2011 ലെ ജി.ഒ.(പി) നം: 85/2011/Fin നമ്പർ സർക്കാർ ഉത്തരവ്.
3) 10/01/2014 ലെ ഇ.ബി(6) 9603/2013/ഡിഇഎസ് നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ.ഇബി (6) 7130 / 2014 / ഡിഇഎസ്</u>**

ഈ വകുപ്പിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ സൂപ്പർവൈസർ കമ്പ്യൂട്ടർ തസ്തികയിൽ താഴെ പറയുന്ന സ്ഥലംമാറ്റം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീമതി.സി.ആർ.സതിയമ്മ<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്,<br>പീരുമേട്, ഇടുക്കി<br>(അപേക്ഷ പ്രകാരം) | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്,<br>കാഞ്ഞിരപ്പള്ളി, കോട്ടയം<br>(ശ്രീമതി.അച്ചാമ്മ.കെ.ജെ യ്ക്ക് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്തതിനാൽ അപേക്ഷപ്രകാരമുള്ള മാറ്റമാകയാൽ യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിയമാനുസൃതമായ പ്രവേശനകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) പ്രകാരം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ സൂപ്പർവൈസർ കമ്പ്യൂട്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിൽ സീനിയറായ 1 ഉദ്യോഗസ്ഥയ്ക്ക് 18740-500-21240-560-24040-620-27140-680-29860-750-32860-820-33680/- രൂപാ ശമ്പള സ്കെയിലിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ സൂപ്പർവൈസർ കമ്പ്യൂട്ടർ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1) | ശ്രീമതി.സുബൈദ.ഇ.എ<br>എക്സ്റ്റൻഷൻ ആഫീസർ (പി &എം)<br>ബ്ളോക്ക് ഡവലപ്പ്മെന്റ് ആഫീസ്,<br>തിരൂരങ്ങാടി, മലപ്പുറം | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്,<br>പീരുമേട്, ഇടുക്കി<br>(ശ്രീമതി.സി.ആർ.സതിയമ്മയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവ്) |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥ ഉദ്യോഗക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ആഫീസ് മേധാവി ഉദ്യോഗക്കയറ്റം വഴി നിയമനം നൽകിയിട്ടുള്ള ജീവനക്കാരിയെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറക്ക് വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ ജീവനക്കാരെ വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

**ഒപ്പ്**
**വി.രാമചന്ദ്രൻ**
**ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ), കേരള തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
2) പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
3) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്/ഇടുക്കി / കോട്ടയം / മലപ്പുറം
4) ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ, ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസ്, തിരൂരങ്ങാടി.
5) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6) ബന്ധപ്പെട്ട ട്രഷറി ആഫീസർക്ക്.
7) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാർക്കും / സി.എ.മാർക്കും.
8) ഇ.എ(2) / ഗ്രഡേഷൻ സെൽ / അക്കൗണ്ട്സ്/ ഫയൽ / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

PM 26/02